പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2167 18/07/2016 - ൽ മറുപടിക്ക്

**വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഹൈബി ഈഡൻ<br>,, ഷാഫി പറമ്പിൽ<br>,, എൽദോസ് കുന്നപ്പിള്ളി<br>,, സണ്ണി ജോസഫ് | പ്രൊ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ലക്ഷ്യമിട്ടിരുന്നതെന്ന് വിശദീകരിക്കാമോ; | (ബി) വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്ര ങ്ങളാക്കുന്നതിന് എസ്.എസ്.എ മുഖാന്തിരം ഭൗതികാന്തരീക്ഷം ആകർഷകവും, ശിശു സൗഹൃദവുമാക്കുക, എല്ലാ സ്കൂളുകളിലും ശൗചാലയങ്ങൾ ഉറപ്പാക്കുക, എല്ലാ കുട്ടികൾക്കും ഓരോ ക്ലാസ്സുകളിലും നേടിയിരിക്കേണ്ട മിനിമം അറിവ് കൈവരിച്ചു എന്നുറപ്പാക്കുക, കുട്ടികളിൽ ശുചിത്വശീലം ഉണ്ടാക്കുകയും പരിസര ശുചീകരണത്തിന്റെ പ്രാധാന്യം ബോധപ്പെടുത്തുകയുംചെയ്യുക എന്നിവയിലൂടെ ഉത്തമ പൗരന്മാരാക്കി മാറ്റുക എന്നതാണ് ഉദ്ദേശ്യലക്ഷ്യം. കൂടാതെ മലയാളം ഗണിതം, ഇംഗ്ലീഷ് എന്നിവയുടെ അടിസ്ഥാന ശേഷി ഉറപ്പിക്കുക എന്ന ലക്ഷ്യം കൂടിയുണ്ട്. |
| (സി) പദ്ധതി നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) എല്ലാ കുട്ടികളും അതാത് ക്ലാസ്സുകളിൽ നേടേണ്ട മിനിമം അറിവ് നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിന് സ്മാർട്ട് ചിൽഡ്രൻ പ്രോഗ്രാം, ശുചിത്വമുള്ള വിദ്യാലയാന്തരീക്ഷം ഉറപ്പാക്കു ന്നതിന് ക്ലീൻ ക്യമ്പസ് സേഫ് കാമ്പസ് പ്രോഗ്രാം, മികച്ച പരിശിലനം ലഭിച്ച അദ്ധ്യാപകരിലൂടെ മികച്ച നിലവാരമുള്ള അധ്യയനം ഉറപ്പ വരുത്തുന്നതിനുള്ള |

അദ്ധ്യാപക പരിശീലനം എന്നീ പദ്ധതികളോടൊപ്പം പൊതുവിദ്യാലയങ്ങളിലെ ഗുണ നിലവാരം ഉയർത്തുന്നതിലേയ്ക്കായി എസ്.എസ്.എ മുഖാന്തിരം സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പരിപാടി ഏറ്റെടുത്ത് നടത്തുവാനും ഈ വർഷം തീരുമാനിച്ചിട്ടുണ്ട്.

Sreedevi

സെക്ഷൻ ഓഫീസർ